LIBRARY ARCHIVES Kerala Legislative Assembly

തെൻമല ഡാം സൈറ്റിൽനിന്ന് ഒഴിപ്പിച്ചവർക്ക് പട്ടയം

128(1194) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ ഉൾപ്പെട്ട തെൻമല ഡാം സൈറ്റിൽ നിന്ന് ഒഴിപ്പിച്ച് സർക്കാർ പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക്കൈവശ വസ്തുവിന് പട്ടയം നൽകുന്ന നടപടികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകാൻ തീരുമാനം എടുത്തിട്ടും നടപടികളിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകരം ഭൂമി റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് നൽകുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) തെൻമല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിച്ച് തിങ്കൾകരിക്കം വില്ലേജിൽ വനഭൂമിയിൽപ്പെട്ട സാംനഗർ കോളനിയിൽ പുനരധിവസിപ്പിച്ചിരുന്നു. ടി സ്ഥലത്ത് പുനരധിവസിപ്പിച്ചിരുന്ന 405 കുടുംബങ്ങളിൽ 388 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച ശിപാർശ മുൻകൂർ അനുമതിയില്ലാതെ കടിയേറ്റി പ്പാർപ്പിച്ചുവെന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. പട്ടയം നൽകുന്നതിലേയ്ക്കായി നൽകിയ പ്രൊപ്പോസൽ പരിഗണിക്കവേ പ്രസ്തുത ഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂവും (NPV) അഡീഷണൽ നെറ്റ് പ്രസന്റ് വാല്യൂവും ഉൾക്കൊള്ളിച്ചുള്ള ഒരു എഗ്രിമെന്റ് സമർപ്പിക്കാൻ യൂസർ ഏജൻസിയായ റവന്യൂ വകുപ്പിനോട് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശിക്കുകയുണ്ടായി. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് 17-9-2003-ലെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിൽ (ഫോറസ്റ്റ് കൺസർവേഷൻ ആക്ട്) കാണുന്ന നിർദ്ദേശങ്ങൾ പ്രകാരം നെറ്റ് പ്രസന്റ് വാല്യൂ ഭൂമിയുടെ വിസ്തൃതിക്കനുസൃതമായും മറ്റും ഹെക്ടറിന് 5.80 ലക്ഷം മുതൽ 9.20 ലക്ഷം വരെ, പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഈടാക്കാവുന്നതാണ്. ഇതിന് പുറമേ പരിഹാര വനവൽക്കരണത്തിന് ആനുപാതികമായ രണ്ടിരട്ടി ഭൂമിയും വനവൽക്കരണത്തിനുള്ള തുകയും വനം വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. പരിഹാര വനവൽക്കരണത്തിനായി 120 മുതൽ 180 ഏക്കർ ഭൂമിവരെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വനം വകുപ്പിന് കൈമാറുന്നതിനായി കണ്ടെത്താൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ പട്ടയം നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) റവന്യൂ വകുപ്പിൽനിന്നും വനം വകുപ്പിന് പരിഹാര വന വൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കേണ്ട 120 മുതൽ 180 ഏക്കർ വരെ ഭൂമി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ടെത്തുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനധികൃത മണൽ കടത്ത്

129(1195) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര കടവുകളിൽ പരിശോധന നടത്തി;

(സി) അനധികൃത മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ പിടികൂടി; എത്ര രൂക പിഴ ഈടാക്കി ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിന് ജില്ലാ തലത്തിലും ആർ.ഡി.ഒ./താലൂക്ക് തലത്തിലും സ്ക്വാഡ് രൂപീകരിച്ച് മണൽ കടത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോലീസ് വകുപ്പും സ്ക്വാഡ് ശക്തിപ്പെടുത്തി നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ 64 കടവുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(സി) അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് (2015-16 വർഷത്തിൽ) 852 വാഹനങ്ങൾ ബന്തവസിലെടുത്തിട്ടുള്ളതും പിഴയിനത്തിൽ 55,75,000 രൂപ ഈടാക്കിയിട്ടുള്ളതുമാണ്.

(ഡി) ഉണ്ട്. ബന്തവസിലെടുത്തതിൽ 657 വാഹനങ്ങൾ പോലീസ് അധികാരികൾ ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

GPM. 2/239/2020-24

LIBRARY ARCHIVES Kerala Legislative Assembly